(സി) ഓരോ നിക്ഷേപ സമാഹരണയജ്ഞത്തിലും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു ഓരോ ജില്ലയും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകി. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നിവയെ നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു മേൽ പരാമർശിച്ച സംഘങ്ങളിൽ/ ബാങ്കുകളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത എല്ലാ സംഘങ്ങളും നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ചേരേണ്ടതാണെന്നും സ്കീമിൽ ചേരാത്ത സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അവകാശം നഷ്ടമാകുമെന്നും ഇത്തരം സംഘങ്ങളെ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിക്കുമെന്നും നിഷ്കർഷിച്ച് ഉത്തരവ് നൽകാൻ രജിസ്ട്രാർക്ക് അധികാരം നൽകിയുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി

96(2297) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വായ്പാസഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതിക്ക് അനുസൃതമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) കർഷകതൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തികശേഷി ഇല്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗക്കാരെ കൊള്ള പലിശക്കാരുടെ ചൂഷണങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി പരമാവധി 10,000 രൂപ വരെ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾവഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്ഥിര വരുമാനമോ ഈടുനൽകാൻ ആസ്തിയില്ലാത്തവരോ ആയവരും സാമ്പത്തികശേഷി ഇല്ലാത്തവരുമായ വിധവകൾ, വികലാംഗർ എന്നിവരെ കടക്കെണിയിൽപ്പെടാതെ സഹായിക്കുകയാണ് ഇത്തരം വായ്പാപദ്ധതികൾ മുഖേന ലക്ഷ്യമിട്ടത്.

(സി) ഈ പദ്ധതി പ്രകാരം ദുർബ്ബല വിഭാഗങ്ങൾക്കും തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കും വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവും 10,000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശിപാർശയിൽ പ്രസിഡന്റിനും അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകവും അനുവദിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5000 രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ബാങ്കുകളിലെ അംഗങ്ങൾക്ക് ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനസമയം രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ദീർഘിപ്പിക്കാനും ഞായറാഴ്ചകളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ 'സൺഡേ ബാങ്കിംഗ്' നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly